തിരുവനന്തപുരം കോർപ്പറേഷൻ

# പരിഹാരബോധനം
## (എസ്.എസ്.എൽ.സി)

(2022 - 2023)

## സാമൂഹ്യശാസ്ത്രം

ജില്ല വിദ്യാഭ്യാസ പരിശീലനകേന്ദ്രം
(ഡയറ്റ്)
തിരുവനന്തപുരം



# പരിഹാരബോധനം

## സാമൂഹ്യശാസ്ത്രം

ആദ്യപ്രതി
**നവംബർ 2023**

ലേഔട്ട് & കവർ ഡിസൈൻ
**കല്ലിംഗൽ ഗ്രാഫിക്സ്, ആറ്റിങ്ങൽ**

ആശയവും ആവിഷ്കാരവും
**തിരുവനന്തപുരം കോർപ്പറേഷൻ**

ഭരണപരമായ ചുമതല
**ശ്രീ. സി.സി.കൃഷ്ണകുമാർ, വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം**

അക്കാദമിക ചുമതല
**ഡോ.ഷീജാകുമാരി ടി.ആർ, പ്രിൻസിപ്പൽ (പൂർണ അധികചുമതല), ഡയറ്റ് തിരുവനന്തപുരം**

ഏകോപനം
**ശ്രീമതി ഗീതാനായർ, സീനിയർ ലക്ചറർ, ഡയറ്റ് തിരുവനന്തപുരം**

പ്രിന്റിങ്
**ഗവ. പ്രസ്,തിരുവനന്തപുരം**



പ്രിയ വിദ്യാർത്ഥികളേ,

തിരുവനന്തപുരം നഗരസഭാ പരിധിയിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം വർധിപ്പിക്കുന്നതിനായി നഗരസഭ നടപ്പിലാക്കുന്ന പദ്ധതിയാണ് 'പരിഹാരബോധനം'. മുൻ വർഷങ്ങളിൽ നടത്തിവന്നിരുന്ന പദ്ധതി ഈ വർഷവും വിപുലമായ നിലയിൽ നടപ്പിലാക്കുകയാണ്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കൂടുതൽ കരുതൽ നൽകി മുന്നിലേയ്ക്ക് ഉയർത്തുകയെന്നതാണ് നഗരസഭ ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പൊതുവിദ്യാഭ്യാസ രംഗം കൂടുതൽ കരുത്താർജ്ജിച്ച് മുന്നേറുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും വിവിധ തലങ്ങളിൽ മികവ് തെളിയിക്കാനുള്ള അവസരമൊരുക്കുന്നതിനും സർക്കാരും നഗരസഭയും പ്രതിജ്ഞാബദ്ധമാണ്. അക്കാദമികവും ഭൗതികവുമായ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം ശ്രദ്ധേയമായ മാതൃകയായി മാറിയിരിക്കുകയാണ്. ഈ സന്ദർഭത്തിൽ നമ്മുടെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ഉപകരിക്കുന്ന തരത്തിൽ പഠന നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് നാം ലക്ഷ്യമിടുന്നത്. മികച്ച അധ്യാപകരുടെ സഹായത്തോടെ പഠനം അസ്വാദ്യകരമാക്കി മാറ്റിക്കൊണ്ട് കുട്ടികളെ മികച്ച നിലാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യത്തിന്റെ സാധൂകരണം കൂടിയാണ് പരിഹാരബോധനം എന്ന ബൃഹത് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമാകുന്ന എല്ലാ പ്രിയപ്പെട്ട വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം മികച്ച വിജയം ആശംസിക്കുന്നു.

സ്നേഹത്തോടെ

**ആര്യ രാജേന്ദ്രൻ എസ്.**
മേയർ
തിരുവനന്തപുരം നഗരസഭ




പ്രിയപ്പെട്ട കുട്ടികളേ,

തിരുവനന്തപുരം നഗരസഭാ പരിധിയിൽ വരുന്ന ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗം കുട്ടികളുടെ പഠനനിലവാരം ഉയർത്താനും പൊതുപരീക്ഷയിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാനും ലക്ഷ്യമിട്ടുകൊണ്ട് മുൻവർഷങ്ങളെപ്പോലെ പരിഹാര ബോധനം പദ്ധതി ഈ വർഷവും നടപ്പിലാക്കിവരുന്നതിൽ അതിയായ സന്തോഷവും അഭിമാനവും ഉണ്ട്. ഈ വർഷത്തെ പൊതു പരീക്ഷയ്ക്ക് നേരത്തെതന്നെ തയ്യാറെടുക്കുന്നതിനും എല്ലാ വിഷയങ്ങളിലെ പാഠഭാഗങ്ങളിലൂടെ ആവർത്തിച്ചുകടന്നുപോകാനും പരിചയപ്പെടാനും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ.റീന കെ.എസ്.**
ചെയർപേഴ്സൺ
(വിദ്യാഭ്യാസ കായിക സ്റ്റാന്റിംഗ് കമ്മിറ്റി)
തിരുവനന്തപുരം കോർപ്പറേഷൻ

## ശില്പശാലയിൽ പങ്കെടുത്തവർ



1. **ശ്രീ. കോളിൻ ജോസ്.ഇ,**
   ഡോ.എ.എം.എം.ആർ, ഗവ.എച്ച്.എസ്.എസ്, കട്ടേല, ശ്രീകാര്യം

2. **ശ്രീമതി ലീന.പി.എസ്**
   എസ്.എൻഎച്ച്.എസ്.എസ്, ഉഴമലയ്ക്കൽ

3. **ശ്രീ. അനിൽകുമാർ.കെ**
   ജി.ജി.എച്ച്എസ്എസ്, മലയിൻകീഴ്

4. **ശ്രീമതി മാർഗരറ്റ് ലിനി.വി.പി**
   ഗവ. വി & എച്ച്എസ്എസ്, വെള്ളനാട്

5. **ശ്രീമതി ആശ.എസ്.**
   വി.എച്ച്എസ്എസ്, തോന്നയ്ക്കൽ

6. **ഡോ. പ്രിയങ്ക. പി. യു**
   ഗവ.വി.എച്ച്എസ്എസ്, വീരണകാവ്

7. **ശ്രീമതി രജനി.എസ്**
   ഗവ.വി.എച്ച്എസ്എസ്, ഞെക്കാട്

8. **ശ്രീമതി അനുജ ആർ.സി.**
   ഗവ. വി & എച്ച്എസ്എസ്, വെള്ളനാട്

## ഉള്ളടക്കം

### സാമൂഹ്യശാസ്ത്രം I


1. ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ ........ 7
2. ലോകം ഇരുപതാം നൂറ്റാണ്ടിൽ ........ 13
3. പൊതുഭരണം ........ 20
4. ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപ്പുകളും ........ 23
5. സംസ്കാരവും ദേശീയതയും ........ 28
6. സമരവും സ്വാതന്ത്ര്യവും ........ 32
7. സ്വാതന്ത്ര്യാനന്തര ഇന്ത്യ ........ 37
8. കേരളം ആധുനികതയിലേയ്ക്ക് ........ 42
9. രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും ........ 46
10. പൗരബോധം ........ 49
11. സമൂഹശാസ്ത്രം : എന്ത്? എന്തിന്? ........ 52


### സാമൂഹ്യശാസ്ത്രം II


1. ഋതുഭേദങ്ങളും സമയവും ........ 56
2. കാറ്റിന്റെ ഉറവിടം തേടി ........ 61
3. മാനവവിഭവശേഷി വികസനം ഇന്ത്യയിൽ ........ 66
4. ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ ........ 70
5. പൊതു ചെലവും പൊതു വരുമാനവും ........ 74
6. ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും ........ 78
7. വൈവിധ്യങ്ങളുടെ ഇന്ത്യ ........ 83
8. ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രം ........ 87
9. ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും ........ 91
10. ഉപഭോക്താവ്: സംതൃപ്തിയും സംരക്ഷണവും ........ 96

വിലയിരുത്തൽ ചോദ്യങ്ങൾ ........ 100

അസെസ്മെന്റ് ടൂൾ ........ 126



Chapter 01

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ


## ഒറ്റനോട്ടത്തിൽ

- അമേരിക്കൻ സ്വാതന്ത്ര്യസമരം
  - മെർക്കന്റലിസ്റ്റ് നിയമങ്ങൾ
  - കോണ്ടിനെന്റൽ കോൺഗ്രസ്
  - ജോർജ് വാഷിങ്ടൺ.
- ഫ്രഞ്ച് വിപ്ലവം
  - 1789
  - ഫ്രഞ്ച് സമൂഹം- മൂന്ന് എസ്റ്റേറ്റുകൾ
  - ചിന്തകന്മാർ - വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യു.
- ലാറ്റിനമേരിക്കൻ വിപ്ലവം
  - പോർച്ചുഗീസുകാർക്കും സ്പെയിനുമെതിരെ നടത്തിയ വിപ്ലവം
  - ഫ്രാൻസിസ്കോ മിരാൻഡ, സൈമൺ ബോളിവർ, ജോസെ ഡി സാൻമാർട്ടിൻ
- റഷ്യൻ വിപ്ലവം
  - 1917
  - ഫെബ്രുവരി വിപ്ലവം - അലക്സാണ്ടർ കെറൻസ്കി
  - ഒക്ടോബർവിപ്ലവം - ലെനിൻ - സോവിയറ്റ് യൂണിയൻ രൂപീകരണം.
- ചൈനീസ് വിപ്ലവം
  - ബോക്സർ കലാപം
  - ലോങ്മാർച്ച് - മാവോ സെ തുംഗ് - ജനകീയ ചൈന റിപ്പബ്ലിക്.

1. മെർക്കന്റലിസ്റ്റ് നിയമങ്ങളുമായി ബന്ധപ്പെട്ട പദസൂര്യൻ പൂർത്തിയാക്കുക.




2. ഫ്രഞ്ച് സാമൂഹ്യഘടനയുമായി ബന്ധപ്പെട്ട ഫ്ളോചാർട്ട് പൂർത്തിയാക്കുക.




3. ഡയഗ്രം പൂർത്തിയാക്കുക.



4. നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ ലിസ്റ്റ് ചെയ്യുക.





5. റഷ്യൻ വിപ്ലവത്തെക്കുറിച്ചുള്ള ചാർട്ട് പൂർത്തിയാക്കുക.

റഷ്യൻ വിപ്ലവം

**ഫെബ്രുവരി വിപ്ലവം.**
* 1917 മാർച്ച് 8 ന് റൊട്ടിക്കുവേണ്ടി സ്ത്രീകൾ പ്രകടനം നടത്തി.
* ..................................
* ..................................

**ഒക്ടോബർ വിപ്ലവം**
* ബോൾഷെവിക്കുകൾ നയിച്ചു.
* ................................
* ................................

6. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങളെക്കുറിച്ചുള്ള ഡയഗ്രം പൂർത്തിയാക്കുക.





7. ചൈനീസ് വിപ്ലവവുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.

| | |
|---|---|
| ബോക്സർ കലാപം | 1900-ൽ മഞ്ചു രാജവംശത്തിനും വിദേശ ഇടപെടലിനുമെതിരെ ചൈനയിലെ ചില രഹസ്യ സംഘടനകൾ നടത്തിയ കലാപം. |
| ലോങ് മാർച്ച് | ............എ........... |
| ജനകീയ ചൈന റിപ്പബ്ലിക് | ...........ബി.......... |

8. പിൽക്കാല ലോകചരിത്രത്തിൽ അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ സ്വാധീനത്തെക്കുറിച്ചുള്ള ചാർട്ട് പൂർത്തിയാക്കുക.

- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടു വച്ചു.
- 
- 
- 

9. ലാറ്റിനമേരിക്കൻ വിപ്ലവനേതാക്കളെക്കുറിച്ചുള്ള ഡയഗ്രം പൂർത്തിയാക്കുക.



10. പട്ടിക ശരിയായി ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| റൂസ്സോ | അമ്മ |
| ഡോ. സൻയാത് സെൻ | ലാറ്റിനമേരിക്കൻ വിപ്ലവം |
| മാക്സിം ഗോർക്കി | കുമിന്താങ് പാർട്ടി |
| ജോസെ ഡി സാൻമാർട്ടിൻ | ഫ്രഞ്ച് വിപ്ലവം |

## ഉത്തരസൂചിക

1. a) കോളനികളിൽ നിന്നോ കോളനികളിലേക്കോ സാധനങ്ങൾ കൊണ്ടുപോകുന്നത് ഇംഗ്ലീഷ് കപ്പലുകളിലോ ബ്രിട്ടീഷ് കോളനികളിൽ നിർമ്മിച്ച കപ്പലുകളിലോ മാത്രമായിരിക്കണം.
   b) കോളനികളിൽ ഉൽപ്പാദിപ്പിച്ചിരുന്ന പഞ്ചസാര, പുകയില, കമ്പിളി, പരുത്തി തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
   c) കോളനികളിൽ നിലനിർത്തിയിട്ടുള്ള ഇംഗ്ലീഷുകാരുടെ സൈന്യത്തിനുള്ള താമസസ്ഥലവും അത്യാവശ്യ സൗകര്യങ്ങളും കോളനിക്കാർ നൽകണം.
   d) കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിച്ചുങ്കം നൽകണം.
2. a) ഒന്നാമത്തെ എസ്റ്റേറ്റ്
   b) മൂന്നാമത്തെ എസ്റ്റേറ്റ്
   c) പ്രഭുക്കന്മാർ
   d) മധ്യവർഗം
   e) എല്ലാത്തരം നികുതികളിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു.
   f) ആഡംബര ജീവിതം നയിച്ചു,
   g) ഭരണത്തിൽ ഒരവകാശവമില്ല.
3. a) സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയത്തിന്റെ പ്രചരണം
   b) ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി
   c) ജനകീയപരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക് നൽകി
   d) മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു.
   e) യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യം കുറിക്കുകയും സ്വേച്ഛാധിപത്യ ഭരണാകൂടങ്ങൾക്കു ഭീഷണി ആകുകയും ചെയ്തു.
4. a) പുരോഹിതന്മാരുടെമേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി
   b) പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട്' എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു
   c) നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമസംഹിതയുണ്ടാക്കി
   d) ഗതാഗതപുരോഗതിക്കായി നിരവധി റോഡുകൾ നിർമ്മിച്ചു.
5. ഫെബ്രുവരി വിപ്ലവം
   - മെൻഷെവിക്കുകളുടെ നേതൃത്വത്തിൽ
   - ഒന്നാം ലോകയുദ്ധത്തിൽ നിന്ന് റഷ്യ പിൻമാറിയില്ല.
   - പെട്രോഗ്രാഡ് പട്ടണം തൊഴിലാളികൾ പിടിച്ചെടുത്തു,

- സാർ ഭരണത്തിന്റെ അന്ത്യം കുറിച്ചു.

ഒക്ടോബർ വിപ്ലവം

- ഒന്നാം ലോകയുദ്ധത്തിൽനിന്ന് റഷ്യ പിൻമാറുക
- താൽക്കാലിക ഗവൺമെന്റിനെതിരായി ബോൾഷെവിക്കുകൾ സായുധ കലാപമാരംഭിച്ചു.
- മെൻഷെവിക്കുകളുടെ ഭരണത്തിന്റെ അന്ത്യം കുറിച്ചു.

6. a) ഒന്നാം ലോകയുദ്ധത്തിൽ നിന്നു റഷ്യ പിന്മാറി.
   b) പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം നൽകി.
   c) 1924ൽ പുതിയ ഭരണഘടന നിലവിൽ വന്നു.
   d) സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെട്ടു

7. ബോക്സർ കലാപം

- ബോക്സർമാരുടെ മുഷ്ടിയായിരുന്നു അവരുടെ മുദ്ര. അതിനാൽ ഇത് ബോക്സർ കലാപം എന്നറിയപ്പെടുന്നു.

എ. ലോങ് മാർച്ച്

- 1934ൽ കമ്മ്യൂണിസ്റ്റുകൾ മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ തെക്കൻ ചൈനയിലെ കിയാങ്സിയിൽ നിന്ന് വടക്കുപടിഞ്ഞാറൻ ചൈനയിലെ യെനാനിലേക്ക് ഒരു യാത്ര ആരംഭിച്ചു.
- യാത്രയിലുടനീളം ധാരാളം കൃഷിഭൂമിയും അനേകം ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി.
- ഏകദേശം 12000 കി.മീ. സഞ്ചരിച്ച ഈ യാത്ര 'ലോങ് മാർച്ച്' എന്നറിയപ്പെടുന്നു.

ബി. ജനകീയ ചൈന റിപ്പബ്ലിക്

- മാവോ സെ തുംഗിന്റെ നേതൃത്വത്തിലുള്ള ചുവപ്പുസേന കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം പിടിച്ചെടുത്തു.
- ചിയാങ് കൈഷക്ക് തായ്‌വാനിൽ രാഷ്ട്രീയാഭയം തേടി.
- 1949 ഒക്ടോബർ 1ന് മാവോ സെ തുംഗിന്റെ നേതൃത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക് ആയി.

8.
- പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി.
- സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നൽകുന്ന ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി.

9. a) ജോസെ ഡി സാൻമാർട്ടിൻ
   b) ഫ്രാൻസിസ്കോ മിരാൻഡ

10.

| എ | ബി |
|---|---|
| റൂസ്സോ | ഫ്രഞ്ച് വിപ്ലവം |
| ഡോ. സൻയാത് സെൻ | കുമിന്താങ് പാർട്ടി |
| മാക്സിം ഗോർക്കി | അമ്മ |
| ജോസെ ഡി സാൻമാർട്ടിൻ | ലാറ്റിനമേരിക്കൻ വിപ്ലവം |




# ലോകം ഇരുപതാം നൂറ്റാണ്ടിൽ

## ഒറ്റനോട്ടത്തിൽ

*ഒന്നാം ലോകയുദ്ധം - 1914 - 1918*

- *സൈനിക സഖ്യങ്ങൾ - ത്രികക്ഷിസഖ്യം, ത്രികക്ഷിസൗഹാർദം*
- *തീവ്രദേശീയ പ്രസ്ഥാനങ്ങൾ - പാൻ സ്ലാവ് പ്രസ്ഥാനം, പാൻ ജർമൻ പ്രസ്ഥാനം, പ്രതികാര പ്രസ്ഥാനം,*
- *സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ - മൊറോക്കൻ പ്രതിസന്ധി, ബാൾക്കൺപ്രതിസന്ധി*


*ഫാഷിസം - ഇറ്റലി - മുസ്സോളിനി*


*നാസിസം - ജർമനി - ഹിറ്റ്ലർ*


*രണ്ടാം ലോകയുദ്ധം - 1939 - 1945*

- *സൈനിക സഖ്യങ്ങൾ - അച്ചുതണ്ടു ശക്തികൾ, സഖ്യശക്തികൾ*

1. ചാർട്ട് പൂർത്തിയാക്കുക.







2. ഡയഗ്രം പൂർത്തിയാക്കുക.





3. ഡയഗ്രം പൂർത്തിയാക്കുക.




4. *1929 ലെ സാമ്പത്തിക മാന്ദ്യത്തിന്റെ ഫലങ്ങൾ ലിസ്റ്റ് ചെയ്യുക.*





5. *ഡയഗ്രം പൂർത്തിയാക്കുക.*




6. *ഫ്ളോചാർട്ട് പൂർത്തിയാക്കുക.*




7. ഡയഗ്രം പൂർത്തിയാക്കുക.




8. ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യങ്ങൾ ലിസ്റ്റ് ചെയ്യുക.




9. *പദസൂര്യൻ പൂർത്തിയാക്കുക.*



10. ആഗോളവൽക്കരണം വികസ്വരരാജ്യങ്ങളെ ദോഷകരമായി ബാധിച്ചതെങ്ങനെയെന്ന് ലിസ്റ്റ് ചെയ്യുക.

- ❖ തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ചയ്ക്ക് വഴിയൊരുക്കി.
- ❖ പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചു.
- ❖
- ❖
- ❖
- ❖

11. പട്ടിക ശരിയായി ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ഫാസിസം | യാസർ അറാഫത്ത് |
| നാസിസം | മാർഷൽ ടിറ്റോ |
| പാലസ്തീൻ വിമോചന സംഘടന | മുസ്സോളിനി |
| ചേരിചേരാ പ്രസ്ഥാനം | ഹിറ്റ്ലർ |

12. ഡയഗ്രം പൂർത്തിയാക്കുക.




13. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുള്ള കാരണങ്ങൾ പട്ടികപ്പെടുത്തുക.

- സോഷ്യലിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളിൽ നിന്നുള്ള വ്യതിചലനം
-
-
-

## ഉത്തരസൂചിക

1. എ. ത്രികക്ഷി സൗഹാർദം

ബി. ജർമ്മനി

സി. ആസ്ട്രിയ - ഹംഗറി

ഡി. ഫ്രാൻസ്

ഇ. റഷ്യ

എഫ്. റഷ്യ

ജി. പാൻജർമ്മൻ പ്രസ്ഥാനം

എച്ച്. ഫ്രാൻസ്

ഐ. ബാൾക്കൺ പ്രതിസന്ധി

2. എ. കോളനികളുടെ പരമ്പരാഗത സമ്പദ്‌വ്യവസ്ഥ തകർന്നു.

ബി. പരമ്പരാഗത ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ കൃഷിചെയ്യാൻ നിർബന്ധിതരായി.

സി. പ്രകൃതിവിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കപ്പെട്ടു.

ഡി. തദ്ദേശീയമായ കല, സാഹിത്യം, ഭാഷ, സംസ്കാരം, വിദ്യാഭ്യാസം എന്നിവ തകർക്കപ്പെട്ടു.

3. എ. ദശലക്ഷക്കണക്കിന് ജനങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്തു.

ബി. കൃഷി, വ്യവസായം, വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.

സി. ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർധിച്ചു.

ഡി. യൂറോപ്പിന്റെ സാമ്പത്തികമേധാവിത്വം ദുർബലമായി.

4. 
- യുദ്ധം പാപ്പരാക്കിയ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിവില്ലാതായി.
- ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ ഫാക്ടറികളിൽ കെട്ടിക്കിടന്നു.
- അമേരിക്കയിൽ നിന്നെടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ യൂറോപ്യൻ രാജ്യങ്ങൾ വീഴ്ചവരുത്തി.
- ബാങ്കുകൾ തകർന്നു.

5. എ. ജനാധിപത്യത്തോടുള്ള വിരോധം

ബി. രാഷ്ട്രത്തെ മഹത്ത്വവൽക്കരിക്കൽ

സി. യുദ്ധത്തെ മഹത്ത്വവൽക്കരിക്കൽ

ഡി. സോഷ്യലിസത്തോടുള്ള എതിർപ്പ്

ഇ. വംശമഹിമ ഉയർത്തിപ്പിടിക്കൽ

എഫ്. രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ.

6. എ. സഖ്യശക്തികൾ

ബി. ജർമനി

സി. ജപ്പാൻ

ഡി. ഇംഗ്ലണ്ട്

ഇ. ഫ്രാൻസ്

7. എ. യൂറോപ്യൻരാജ്യങ്ങളുടെ സാമ്പത്തികനില താറുമാറായി.

ബി. യൂറോപ്യൻരാഷ്ട്രങ്ങളുടെ ലോകമേധാവിത്വം തകർന്നു.

സി. ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.

ഡി. അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.

8. എ. ഭാവിതലമുറയെ യുദ്ധഭീതിയിൽനിന്നു രക്ഷിക്കുക.

ബി. ലോകരാഷ്ട്രങ്ങളുടെ പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

9. എ. ഗമാൽ അബ്ദുൽ നാസർ

ബി. മാർഷൽ ടിറ്റോ

സി. അഹമ്മദ് സുക്കാർണോ

10.
- ദേശരാഷ്ട്രമെന്ന ആശയത്തിന് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം വെല്ലുവിളിയായി.
- കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞു.
- പൊതുമേഖലാസ്ഥാപനങ്ങൾ തകർന്നു.
- സാമൂഹികസേവന മേഖലകളിൽനിന്നു സർക്കാരുകൾ പിന്മാറി.

11.

| എ | ബി |
|---|---|
| ഫാസിസം | മുസ്സോളിനി |
| നാസിസം | ഹിറ്റ്ലർ |
| പാലസ്തീൻ വിമോചന സംഘടന | യാസർ അറഫാത്ത് |
| ചേരിചേരാ പ്രസ്ഥാനം | മാർഷൽ ടിറ്റോ |

12. എ. സ്വകാര്യവൽക്കരണം

ബി. രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയെ ആഗോള സമ്പദ്ഘടനയുമായി ബന്ധിപ്പിച്ചു.

സി. ഇറക്കുമതി നിയമങ്ങളും നികുതികളും ഉദാരമാക്കി.

13.
- മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ (ഗ്ലാസ് നോസ്ത്, പെരിസ്ട്രോയിക്ക).
- ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും.
- സാമ്പത്തികരംഗത്തെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിലുണ്ടായ പരാജയം.




# പൊതുഭരണം

## ഒറ്റനോട്ടത്തിൽ

❈ **പൊതുഭരണം**

രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പിലാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യ വിഭവവും ഫലപ്രദമായിവിനിയോഗിക്കുന്നതിന് പൊതുഭരണം എന്ന് പറയുന്നു.

❈ **ഇ - ഗവേണൻസ്**

ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ ഭരണ രംഗത്തെ ഉപയോഗമാണ് ഇ ഗവേണൻസ്

❈ സേവനാവകാശം

- സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കുക
- സേവനങ്ങൾ കാലപരിധിക്കുള്ളിൽ നൽകണം
- നിശ്ചിത കാലപരിധിക്കുള്ളിൽ സേവനങ്ങൾ നൽകാത്തവർക്ക് പിഴ

❈ **ഓംബുഡ്സ്മാൻ**

- പൊതു ഭരണത്തിന്റെ ഭാഗമായ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതിയോ സ്വജനപക്ഷപാതമോ ധനദുർവിനിയോഗമോ ചുമതലകളിൽ വീഴ്ചയോ വരുത്തിയാൽ അതിനെതിരെ പരാതി നൽകാം. അതിനുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ
- സർവീസിൽ നിന്നു വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാൻ ആയി നിയമിക്കുന്നത്.

1. പൊതു ഭരണത്തിന്റെ പ്രാധാന്യം ലിസ്റ്റ് ചെയ്യുക.

| |
|---|
| ● ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു |
| ● |
| ● |
| ● |

2. ഡയഗ്രം പൂർത്തിയാക്കുക.

ശ്രേണീപരമായ സംഘാടനം

(എ)......................

(സി)......................

ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ

(ബി)......................

വൈദഗ്ധ്യം

3. ചാർട്ട് പൂർത്തിയാക്കുക.

ഇന്ത്യൻ സിവിൽ സർവീസ്

| അഖിലേന്ത്യ സർവീസ് | കേന്ദ്രസർവീസ് | സംസ്ഥാന സർവീസ് |
|---|---|---|
| *ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു<br>*കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു. | ...............(a)...................<br>...................................... | ...................(b)................<br>...................................... |
| ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് | ..................(c)................... | ...............(d).................. |

4. ഇ -ഗവേണൻസിന്റെ നേട്ടങ്ങൾ ലിസ്റ്റ് ചെയ്യുക.

| |
|---|
| ● വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം |
| ● |
| ● |
| ● |

5. വിവരാവകാശ കമ്മീഷന്റെ ലക്ഷ്യങ്ങൾ എഴുതുക

❖ അഴിമതി തടയുക

❖

❖

6. ലോക്പാലും ലോകായുക്തയും തമ്മിലുള്ള വ്യത്യാസം പട്ടികപ്പെടുത്തുക

| ലോക്പാൽ | ലോകായുക്ത |
|---|---|
| ● | ● |

**ഉത്തരസൂചിക**

1. ❖ ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
   ❖ സാധനങ്ങൾ സേവനങ്ങളും ലഭ്യമാക്കുന്നു.
   ❖ ജനക്ഷേമം ഉറപ്പാക്കുന്നു.
   ❖ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.
2. (a) സ്ഥിരത
   (b) യോഗ്യത അടിസ്ഥാനമാക്കി നിയമനം
   (c) രാഷ്ട്രീയ നിഷ്പക്ഷത
3. (a) ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.
   കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
   (b) സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്നു.
   സംസ്ഥാന ഗവൺമെന്റിന് കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
   (c) ഇന്ത്യൻ ഫോറിൻ സർവീസ് , ഇന്ത്യൻ റെയിൽവേ സർവീസ്
   (d) സെയിൽസ് ടാക്സ് ഓഫീസർ
4. ❖ വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.
   ❖ സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.
   ❖ സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.
   ❖ ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു.
5. ❖ അഴിമതി തടയുക
   ❖ ഉത്തരവാദിത്വബോധം ഉണ്ടാക്കുന്നു.
   ❖ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നു.
6. ❖ ദേശീയതലത്തിൽ അഴിമതി തടയുന്നതിനായി രൂപം നൽകിയ സ്ഥാപനമാണ് ലോക്പാൽ
   ❖ സംസ്ഥാനതലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നതിന് രൂപം നൽകിയ സ്ഥാപനമാണ് ലോകായുക്ത.

Chapter 04



# ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പും

## ഒറ്റനോട്ടത്തിൽ

- **ഇന്ത്യയിലെ ബ്രിട്ടീഷ് ഭൂനികുതി സമ്പ്രദായങ്ങൾ**
  - ശാശ്വതഭൂനികുതി വ്യവസ്ഥ
  - റയട്ട് വാരി വ്യവസ്ഥ
  - മഹൽവാരി സമ്പ്രദായം
- **നീലം കലാപത്തിന്റെ സവിശേഷതകൾ**
  - 1859ൽ ബംഗാളിൽ കർഷകർ സംഘടിച്ച് നീലം കൃഷി ഉപേക്ഷിക്കുകയാണെന്ന് പ്രഖ്യാപിച്ചു.
  - അമ്പും വില്ലും വാളും കുന്തവും ആയി അവർ നീലംഫാക്ടറികൾ ആക്രമിച്ചു.
  - നിരവധി സ്ത്രീകൾ പങ്കാളികളായി.
- **1855ലെ സന്താൾ കലാപം**
  - ഗോത്ര ജനതയായിരുന്നു സന്താൾമാർ.
  - വനനിയമം അവരുടെ ജീവിതത്തെ ദുരിതമയമാക്കി.
  - വനത്തിലേക്കുള്ള പ്രവേശനം നിഷേധിച്ചു.
  - ഗോത്ര ജനത ശേഖരിച്ചിരുന്ന വനവിഭവങ്ങളുടെ മേൽ ബ്രിട്ടീഷുകാർ ഉയർന്ന നികുതി ചുമത്തി .
- **കുറിച്യ കലാപം 1812**
  - 1812 വയനാട്ടിലെ ഗോത്ര ജനതയായ കുറിച്യരും കുറുമ്പ്രരും നടത്തിയ കലാപം.
- **കലാപത്തിന്റെ കാരണങ്ങൾ:**
  - ബ്രിട്ടീഷുകാർ അമിത നികുതി ചുമത്തിയത് .
  - നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചത്.
  - നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത്.
  - ഈ കലാപം നടന്നത് കുറിച്യനേതാവായ രാമനമ്പിയുടെ നേതൃത്വത്തിൽ ആയിരുന്നു.
- **1857ലെ വിപ്ലവത്തിന്റെ കാരണങ്ങൾ**
  - കർഷകരുടെ ദുരിതങ്ങൾ
  - കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം

- ❖ രാജാക്കന്മാരുടെ പ്രശ്നങ്ങൾ
- ❖ ശിപായിമാരുടെ ദുരിതങ്ങൾ

❈ **ചോർച്ച സിദ്ധാന്തം**

- ❖ ആശയം മുന്നോട്ട് വച്ചത് ദാദാഭായ് നവറോജി.
- ❖ പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ എന്ന അദ്ദേഹത്തിന്റെപുസ്തകത്തിൽ പ്രതിപാദിച്ചു.

1. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥകളെ അടിസ്ഥാനമാക്കി പട്ടിക പൂർത്തിയാക്കുക.

**ശാശ്വതഭൂനികുതി വ്യവസ്ഥ**

ബംഗാൾ, ബീഹാർ, ഒറീസ പ്രദേശങ്ങളിൽ നടപ്പിലാക്കി.

**സവിശേഷതകൾ**

(a) നികുതി പിരിച്ചെടുത്തത് സെമീന്ദാർമാർ ആയിരുന്നു

(b) ..................................................

(c) ..................................................

(d) ..................................................

**റയട്ട്വാരി വ്യവസ്ഥ**

ദക്ഷിണേന്ത്യൻ പ്രദേശങ്ങളിൽ നടപ്പിലാക്കി.

**സവിശേഷതകൾ**

(a) കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചിരുന്നു.

(b) ..................................................

**മഹൽവാരി വ്യവസ്ഥ**

വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പിലാക്കി.

സവിശേഷതകൾ

(a) ഗ്രാമത്തലവനായിരുന്നു നികുതി പിരിച്ചെടുത്തത് .

(b) ..................................................

2. ബ്രിട്ടീഷ് ഭരണകാലഘട്ടത്തിൽ കൃഷിയുടെ വാണിജ്യവൽക്കരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ ലിസ്റ്റ് ചെയ്യുക.

- ❖ വിപണിയിൽ ആവശ്യമുള്ള വിള കൃഷി ചെയ്യാൻ കർഷകർ നിർബന്ധിതരായി.
- ❖ ........................................................

3. കുറിപ്പ് തയ്യാറാക്കുക.

(i) നീലം കർഷക കലാപം 1859

(ii) മാപ്പിള കലാപം

(iii) സന്താൾ കലാപം

(iv) കുറിച്യകലാപം

4. ഇന്ത്യൻ തുണി വ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണമായ ഘടകങ്ങൾ എന്തെല്ലാം?

a) യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത് .

(b) ..............................................................................

(c) ..............................................................................

(d) ..............................................................................

(e) ..............................................................................

5. 1857ലെ വിപ്ലവത്തിന്റെ കാരണങ്ങൾ വിശദമാക്കുക.

കർഷകരുടെ ദുരിതങ്ങൾ

- 
- 

കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം

- 
- 

രാജാക്കന്മാരുടെ പ്രശ്നങ്ങൾ

- 
- 

ശിപായിമാരുടെ ദുരിതങ്ങൾ

- 
- 

6. ആരാണ് ചോർച്ച സിദ്ധാന്തം ആവിഷ്കരിച്ചത്?ഏത് പുസ്തകത്തിലാണ് ഈ ആശയം സൂചിപ്പിച്ചിരിക്കുന്നത്?

- 
- 

7. സ്വദേശി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ ലിസ്റ്റ് ചെയ്യുക.

❖ വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക

❖

❖

❖

## ഉത്തരസൂചിക

1. (i) **ശാശ്വതഭൂനികുതി വ്യവസ്ഥ**

   (a) നികുതി പിരിച്ചെടുത്തത് സെമീന്ദാർമാർ ആയിരുന്നു

   (b) വിളവിന്റെ 60% വരെ കർഷകർ നികുതിയായി നൽകണമായിരുന്നു

   (c) നികുതി പണമായി നൽകണമായിരുന്നു

   (ii) **റയട്ട് വാരി വ്യവസ്ഥ**

   (a) കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിച്ചിരുന്നു.

   (b) അമിത നികുതി

   (iii) **മഹൽവാരി സമ്പ്രദായം**

   (a) ഗ്രാമത്തലവനായിരുന്നു നികുതി പിരിച്ചെടുത്തത്

   (b) അമിത നികുതി

2. വിപണിയിൽ ഉയർന്ന വില ലഭിക്കുന്ന വിളകൾ കൃഷി ചെയ്തു.

3. (i) **നീലം കർഷക കലാപം**

- 8൦ നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായ വ്യവസായികവിപ്ലവത്തോടെ നീലത്തിന്റെ ആവശ്യം വർദ്ധിച്ചു.
- കർഷകർക്ക് വൻ തുക മുൻകൂറായി നൽകി അവരെക്കൊണ്ട് നീലം കൃഷി ചെയ്യിച്ചു.
- വിളവെടുപ്പ് കാലത്താകട്ടെ ബ്രിട്ടീഷ് ഏജന്റുമാരുടെ ഇടപെടൽ കാരണം നീലത്തിന് കുറഞ്ഞ വില മാത്രമേ ലഭിച്ചുള്ളൂ.
- 1859ൽ ബംഗാളിൽ നീലംകർഷകർ സംഘടിച്ച് നീലം കൃഷി ഉപേക്ഷിക്കുകയാണെന്ന് പ്രഖ്യാപിച്ചു.
- അമ്പും വില്ലും വാളും കുന്തവും ആയി അവർ നീലം ഫാക്ടറികൾ ആക്രമിച്ചു.

(ii) **മാപ്പിള കലാപം**

- ജന്മിമാരെയാണ് ഭൂവുടമകളായി ബ്രിട്ടീഷുകാർ കണക്കാക്കിയത്.
- ബ്രിട്ടീഷുകാരുടെ പിന്തുണയോടെ ജന്മിമാർ നടത്തിയ കൊടിയൊഴിപ്പിക്കാൻ അടക്കമുള്ള ദ്രോഹ നടപടികൾക്ക് എതിരെയാണ് കലാപം നടന്നത്.
- ഭൂവുടമകളായിരുന്ന ജന്മമാരിൽ നിന്ന് സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്ത

(iii) **സന്താൾ കലാപം**

- രാജ്മഹൽ കുന്നുകളുടെ താൾവരകളിൽ ജീവിച്ചുവന്ന ഗോത്ര ജനതയായിരുന്നു സന്താൾമാർ.
- വനവിഭവങ്ങൾ ശേഖരിക്കൽ, കന്നുകാലി വളർത്തൽ,പുനംകൃഷി,വേട്ടയാടൽ എന്നിവയായിരുന്നു ഗോത്ര ജനതയുടെ ജീവിതോപാധികൾ.
- ബ്രിട്ടീഷുകാർ നടപ്പിലാക്കിയ വന നിയമങ്ങൾ ഗോത്ര ജീവിതത്തെ ദുരിതമയമാക്കി.
- വനത്തിലേക്കുള്ള പ്രവേശനം നിഷേധിച്ചു.

(iv) **കുറിച്യ കലാപം**

- 1812 വയനാട്ടിലെ ഗോത്ര ജനതയായ കുറിച്യരും കുറുമ്പ്രരുമാണ് കലാപം നടത്തിയത്.
- ബ്രിട്ടീഷുകാർ അമിത നികുതി ചുമത്തിയത്, നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചത്, നികുതി അടയ്ക്കാൻ കഴിയാത്തവരുടെ കൃഷിഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത് ഇതൊക്കെയായിരുന്നു കലാപത്തിന്റെ കാരണങ്ങൾ.
- ബ്രിട്ടീഷുകാർ കലാപം അടിച്ചമർത്തുകയും കുറച്യനേതാവായ രാമൻനമ്പിയെ പിടികൂടി വധിക്കുകയും ചെയ്തു.

4.
- യന്ത്രനിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത് .
- റെയിൽവേയുടെ വ്യാപനം.
- പരമ്പരാഗത വ്യവസായങ്ങളുടെ മേൽ ചുമത്തിയ ഉയർന്ന നികുതി .
- നെയ്ത്ത് ജോലിക്കാർക്കുള്ള കുറഞ്ഞ കൂലി.

5. **കർഷകരുടെ ദുരിതങ്ങൾ**

- കർഷകരുടെ ദുരിതങ്ങൾ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ശാശ്വത ഭൂനികുതി വ്യവസ്ഥ, റയട്ട് വാരി, മഹൽവാരി സമ്പ്രദായങ്ങൾ കർഷകരെ കൂടുതൽ ദുരിതത്തിലാക്കി .
- ഉയർന്ന നികുതി പണമായി അവർ നൽകണമായിരുന്നു.
- ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ കൃഷി ചെയ്യാൻ കർഷകർ നിർബന്ധിതരായി.

**കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം**

- യന്ത്ര നിർമിത ബ്രിട്ടീഷ് തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത് ഇന്ത്യൻ തുണി വ്യവസായത്തിന്റെ നാശത്തിന് കാരണമായി.
- അലുമിനിയം പാത്രങ്ങളുടെ ഇറക്കുമതി മൺപാത്ര നിർമ്മാണത്തെ ബാധിച്ചു.
- തുകൽപ്പണി, മരപ്പണി തുടങ്ങിയവയെല്ലാം തന്നെ ഇല്ലാതായി.

**രാജാക്കന്മാരുടെ പ്രശ്നങ്ങൾ**

- ദത്തവകാശ നിരോധനനിയമത്തിന് പുറമേ ദുർഭരണ കുറ്റം ആരോപിച്ചും ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങളെ പിടിച്ചടക്കി

**ശിപായിമാരുടെ ദുരിതങ്ങൾ**

- തുച്ഛമായ ശമ്പളവും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരിൽ നിന്ന് നേരിട്ട അവഗണനയും.
- സൈനികർക്ക് പുതുതായി നൽകിയ എൻഫീൽഡ് തോക്കുകൾ ഉപയോഗിക്കുന്ന തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പാണ് ഉപയോഗിക്കുന്നതെന്ന് പ്രചാരണം.
- പുതിയ തിരകൾ ഉപയോഗിക്കാൻ വിസമ്മതിച്ച ശിപായിമാരെ ബ്രിട്ടീഷ് മേധാവികൾ ശിക്ഷിച്ചു

6.
- ദാദാഭായ് നവറോജി
- പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ

7.
- സ്ത്രീകളുടെയും തൊഴിലാളികളുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തം
- വിദ്യാർത്ഥികൾ സ്കൂൾ ഉപേക്ഷിച്ചു
- തദ്ദേശീയ ഉൽപ്പന്നങ്ങളുടെ ഉപഭോഗം





# സംസ്കാരവും ദേശീയതയും

## ഒറ്റനോട്ടത്തിൽ

- **പ്രധാനപ്പെട്ട സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളും പരിഷ്കർത്താക്കളും**
  - അലിഗഢ് പ്രസ്ഥാനം – സർ സയ്യിദ് അഹമ്മദ് ഖാൻ
  - തിയോസഫിക്കൽ സൊസൈറ്റി – ആനി ബസന്റ്
  - ഹിതകാരിണി സമാജം – വീരേശലിംഗം
  - സത്യശോധക സമാജം – ജോതിബാഫുലെ
  - ശ്രീനാരായണ ധർമ്മപരിപാലനയോഗം– ശ്രീനാരായണഗുരു
- **സാമൂഹ്യ അനാചാരങ്ങളെ നിരോധിച്ചുകൊണ്ടുള്ള നടപടികൾ**
  - സതി നിരോധിച്ചു.
  - അടിമത്തംനിരോധിച്ചു.
  - ശിശുഹത്യ നിരോധിച്ചു.
  - വിധവ പുനർവിവാഹം നടപ്പിലാക്കി.
  - 12 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്കേർപ്പെടുത്തി.
  - ശൈശവ വിവാഹവും ബഹുഭാര്യാത്വവും നിരോധിച്ചു.
- **സാഹിത്യവും ദേശീയതയും**
  - ആനന്ദമഠം (വന്ദേമാതരം) – ബങ്കിം ചന്ദ്ര ചാറ്റർജി
  - നീൽദർപ്പൺ – ദിന ബന്ധുമിത്ര
  - സാരേ ജഹാം സേ അച്ഛാ – മുഹമ്മദ് ഇഖ്ബാൽ
  - ഘോര, ഗീതാഞ്ജലി – രവീന്ദ്രനാഥ ടാഗോർ
  - സേവസദൻ, പ്രേമാശ്രമം,രംഗഭൂമി, ഗോദാൻ – പ്രേംചന്ദ്
  - പാഞ്ചാലിശപഥം, കളിപ്പാട്ട്, കണ്ണൻപാട്ട്, കുയിൽപാട്ട് – സുബ്രഹ്മണ്യ ഭാരതി
  - എന്റെ ഗുരുനാഥൻ, ബാപ്പുജി, ഇന്ത്യയുടെ കരച്ചിൽ – വള്ളത്തോൾ നാരായണമേനോൻ
- **കലയും ദേശീയതയും**
  - ഭാരതമാതാ – അബനീന്ദ്ര നാഥ ടാഗോർ
  - ശാകുന്തളം – രാജാരവിവർമ്മ
  - സതി , ഗ്രാമീണ ചെണ്ടക്കാരൻ – നന്ദലാൽ ബോസ്
  - ഗ്രാമീണ ജീവിതം – അമൃതഷേർഗിൽ

1. ബ്രിട്ടീഷുകാർ ഇന്ത്യയിൽ സ്ഥാപിച്ച വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച ചാർട്ട് പൂർത്തിയാക്കുക.




2. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുന്നതിനായി സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ട് വെച്ച ആശയങ്ങൾ:

(a) ശൈശവ വിവാഹം അവസാനിപ്പിക്കുക.

(b) ..........................................

(c) ..........................................

(d) ..........................................

(e) ..........................................


(f) ..........................................

(g) ..........................................

3. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നെടുത്തെഴുതുക.

| സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ | പരിഷ്കർത്താക്കൾ |
|---|---|
| രാമകൃഷ്ണ മിഷൻ | സ്വാമിദയാനന്ദ സരസ്വതി |
| ആര്യസമാജം | ആത്മാറാം പാണ്ഡുരംഗ് |
| പ്രാർത്ഥന സമാജം | ഇ.വി. രാമസ്വാമി നായ്ക്കർ |
| സ്വാഭിമാന പ്രസ്ഥാനം | സ്വാമി വിവേകാനന്ദൻ |

4. സാമൂഹ്യപരിഷ്കർത്താക്കളുടെ പ്രവർത്തന ഫലമായി ബ്രിട്ടീഷുകാർ നിരോധിച്ച സാമൂഹ്യ അനാചാരങ്ങൾ എഴുതുക.



5. ദേശീയത വളർത്തുന്നതിൽ പത്രങ്ങളുടെ പങ്ക് ലിസ്റ്റ് ചെയ്യുക.

- ❖ ബ്രിട്ടീഷ് ഭരണത്തിനെതിരായും ഇന്ത്യയിലെ സാമൂഹികമായ തിന്മകൾക്കെതിരായും പ്രതിഷേധിക്കാനും പ്രതികരിക്കാനും ജനങ്ങളെ പ്രേരിപ്പിച്ചു.
- ❖ ..............................................................................................................
- ❖ ..............................................................................................................
- ❖ ..............................................................................................................
- ❖ ..............................................................................................................
- ❖ ..............................................................................................................

6. ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്ഥാപകർ, ലക്ഷ്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പട്ടിക പൂർത്തിയാക്കുക.

| **ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ** | **സ്ഥാപകർ** | **ലക്ഷ്യങ്ങൾ** |
|---|---|---|
| ഡക്കാൺ എജ്യുക്കേഷൻ സൊസൈറ്റി | ...........(a)................. | ...............(b)...................... |
| ...................(c)...................... | രവീന്ദ്രനാഥ ടാഗോർ | ...................(d)................ |
| ജാമിയ മില്ലിയ ഇസ്ലാമിയ | ..............(e)............... | .................(f).................. |
| ......................(g)................. | ..................(h)........... | സ്ത്രീകളുടെ ഉന്നമനം |
| കേരള കലാമണ്ഡലം | .................(i)............. | .................(j).................. |

## ഉത്തരസൂചിക

1. (a) കൽക്കട്ട മദ്രസ - വാറൻ ഹേസ്റ്റിംഗ്സ്

   (b) ബനാറസ് സംസ്കൃത കോളേജ് - ജൊനാഥൻ ഡങ്കൻ

2. (b) ജാതിവ്യവസ്ഥ നിർമ്മാർജ്ജനം ചെയ്യുക.

   (c) എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക .

   (d) സ്ത്രീകൾക്ക് എതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക.

   (e) എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.

   (f) വിധവ പുനർവിവാഹം നടപ്പിലാക്കുക.

   (g) പൗരോഹിത്യ മേധാവിത്വം ഇല്ലാതാക്കുക.

3.

| **സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ** | **പരിഷ്കർത്താക്കൾ** |
|---|---|
| രാമകൃഷ്ണ മിഷൻ | സ്വാമി വിവേകാനന്ദൻ |
| ആര്യസമാജം | ആത്മാറാം പാണ്ഡുരംഗ് |
| പ്രാർത്ഥന സമാജം | സ്വാമിദയാനന്ദ സരസ്വതി |
| സ്വാഭിമാന പ്രസ്ഥാനം | ഇ.വി. രാമസ്വാമി നായ്ക്കർ |

4.
- അടിമത്തം നിരോധിച്ചു.
- ശിശുഹത്യ നിരോധിച്ചു.
- വിധവ പുനർവിവാഹം നടപ്പിലാക്കി.
- 12 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്കേർപ്പെടുത്തി.

- ശൈശവ വിവാഹവും ബഹുഭാര്യത്വവും നിരോധിച്ചു.

5.
- ഇന്ത്യയിലെ ഓരോ ഭാഗത്തും നടക്കുന്ന മർദ്ദക ഭരണത്തെയും കൂട്ടക്കൊലയും കുറിച്ച് ഇന്ത്യയിലെമ്പാടും ജനങ്ങൾക്ക് വിവരം നൽകി.
- ബ്രിട്ടീഷ് ഭരണത്തിന്റെ സാമ്പത്തിക ചൂഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി. ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കും എതിരായി നടക്കുന്ന സാമൂഹ്യ പരിഷ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.
- ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെക്കുറിച്ച് വിവരം നൽകി.
- പ്ലേഗ്, ക്ഷാമം എന്നിവ മൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിനാളുകൾ മരണപ്പെട്ട വാർത്ത ഇന്ത്യയിലെമ്പാടും എത്തിച്ചു.

6.

| **ദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ** | **സ്ഥാപകർ** | **ലക്ഷ്യങ്ങൾ** |
|---|---|---|
| ഡക്കാൻഎജുക്കേഷൻ സൊസൈറ്റി | • ജി.ജി.അഗാർക്കർ<br>• ബാലഗംഗാധരതിലക്<br>• മഹാദേവഗോവിന്ദ റാനെഡെ | മതേതര വിദ്യാഭ്യാസം |
| വിശ്വഭാരതി സർവകലാശാല | • രവീന്ദ്രനാഥ ടാഗോർ | അന്തർദേശീയ സാഹോദര്യം |
| ജാമിയ മില്ലിയ | • മൗലാന മുഹമ്മദ് അലി<br>• ഷൗക്കത്തലി<br>• ഡോ. സക്കീർ ഹുസൈൻ<br>• എം എ അൻസാരി | മതേതര വിദ്യാഭ്യാസം. |
| ഇന്ത്യയിലെ ആദ്യ വനിതാ സർവകലാശാല | • ഡി.കെ. കാർവെ | സ്ത്രീകളുടെ ഉന്നമനം |
| കേരള കലാമണ്ഡലം | • വള്ളത്തോൾ നാരായണമേനോൻ | പാരമ്പര്യ കലാരൂപങ്ങളെ ഉദ്ധരിക്കുക |




# സമരവും സ്വാതന്ത്ര്യവും



## ഒറ്റനോട്ടത്തിൽ

**ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന പ്രാദേശിക സമരങ്ങൾ**

- ചമ്പാരനിലെ നീലം കർഷക സമരം
- അഹമ്മദാബാദ് തുണിമിൽ സമരം
- ഖേഡ കർഷക സമരം.

**ദേശീയ സമരങ്ങൾ**

- നിസ്സഹകരണ സമരം
- സിവിൽ നിയമലംഘനം
- ക്വിറ്റിന്ത്യാ സമരം.


1. ഗാന്ധിജിയുടെ ആദ്യകാല സമരങ്ങളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തീകരിക്കുക.

| സമരം | പ്രദേശം | വർഷം | പ്രാധാന്യം |
|---|---|---|---|
| ചമ്പാരനിലെ നീലം കർഷക സമരം | ബീഹാർ | .......... | .................................. |
| അഹമ്മദാബാദ് തുണിമിൽ സമരം | ............. | ........... | ................................... |
| ഖേഡ കർഷക സമരം | .............. | 1918 | ...................................... |

2. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങളിലൊന്നാണ് 'എല്ലാ വിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ ദേശീയ നേതാവായി ഗാന്ധിജി മാറി' എന്നത്. ഇവയുടെ മറ്റ് ഫലങ്ങൾ എന്തെല്ലാം?

- 
- 
- 

3. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ പദസൂര്യൻ പൂർത്തിയാക്കുക.




4. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ.

പട്ടിക പൂർത്തിയാക്കുക.

- തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമ്മിച്ചു
-
-
-
-

5. ഉപ്പ് ഒരു സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ

ലിസ്റ്റ് പൂർത്തിയാക്കുക.

- ബ്രിട്ടീഷ് സർക്കാരിന്റെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ട് ഭാഗവും ഉപ്പിന്മേൽ ചുമത്തുന്ന നികുതിയായിരുന്നു.
-
-
-
-

6. എ) ക്വിറ്റിന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ എന്തെല്ലാം?

-
-
-

ബി) ഈ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ പട്ടിക പൂർത്തിയാക്കുക.

- നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം
- 
- 
- 

7. ഉത്തരം കണ്ടെത്തുക.

   a) പൗരാവകാശങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് 1919ൽ ബ്രിട്ടീഷ് പാർലമെൻറ് പാസാക്കിയ നിയമം.

   b) ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭം.

   c) ഫോർവേഡ് ബ്ലോക്ക് എന്ന രാഷ്ട്രീയപാർട്ടിക്ക് രൂപം നൽകിയത് .

   d) നിസ്സഹരണ പ്രസ്ഥാനം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം.

8. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ലാലാ ഹർദയാൽ | ഫോർവേഡ് ബ്ലോക്ക് |
| സി ആർ ദാസ് | ഗദർ പാർട്ടി |
| സുഭാഷ് ചന്ദ്രബോസ് | ഝാൻസിറാണി റെജിമെൻറ് |
| ക്യാപ്റ്റൻ ലക്ഷ്മി | സ്വരാജ് പാർട്ടി |

9. മൗണ്ട് ബാറ്റൻ പദ്ധതിയിലെ പ്രധാന ശുപാർശകൾ ലിസ്റ്റ് പൂർത്തിയാക്കുക.

- മുസ്ലീങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കുക.
- 
- 
- 

10. സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവെച്ച ആവശ്യങ്ങളിൽ ഒന്നാണ് ഉപ്പുനികുതി എടുത്തുകളയുക എന്നത്. മറ്റ് ആവശ്യങ്ങൾ എന്തെല്ലാം?

- 
- 
- 
- 
- 

## ഉത്തരസൂചിക

1.

| സമരം | പ്രദേശം | വർഷം | പ്രാധാന്യം |
|---|---|---|---|
| ചമ്പാരനിലെ നീലം കർഷക സമരം | ബീഹാർ | 1917 | ● നീലം കർഷകരുടെ ദുരിതം.<br>● നീലം കർഷകർക്ക് അനുകൂലമായ നിയമം പാസാക്കി.<br>● പ്രാഥമികവിദ്യാലയങ്ങൾ ആരംഭിച്ചു.<br>● ശുചീകരണ പ്രവർത്തനങ്ങൾ<br>● വൈദ്യസഹായ പ്രവർത്തനങ്ങൾ |
| അഹമ്മദാബാദ് തുണിമിൽ സമരം | ഗുജറാത്ത് | 1918 | ● പ്ലേഗ് ബോണസ് നിർത്തലാക്കികാരണം.<br>● ഗാന്ധിജിയുടെ ഉപവാസത്തെ തുടർന്ന് അധികാരികൾ ശമ്പള വർദ്ധനവിന് സമ്മതിച്ചു. |
| ഖേഡകർഷക സമരം | ഗുജറാത്ത് | 1918 | ● വരൾച്ചയും കൃഷിനാശവും മൂലം ദുരിതത്തിലായിരുന്നു കർഷകർ<br>● നികുതിയിളവ് അനുവദിച്ചു |

2.
- ഗാന്ധിജിയുടെ സമര രീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയപ്പെടാൻ അവസരം ലഭിച്ചു.
- വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിലേക്ക് സാധാരണ ജനങ്ങളും ആകർഷിക്കപ്പെട്ടു.
- ദേശീയ പ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടായി.

3. (a) വക്കീലന്മാർ കോടതികൾ ബഹിഷ്കരിക്കുക.
   (b) വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക.
   (c) തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക.
   (d) ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക.
   (e) വിദ്യാർഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക.

4.
- ചർക്കയിൽ നൂൽ നൂറ്റ് ഖാദിവസ്ത്രങ്ങൾ നെയ്തു.
- ദേശീയ വിദ്യാലയങ്ങൾ ആരംഭിച്ചു .
- ഹിന്ദി പ്രചരിപ്പിച്ചു .

- അയിത്തോച്ചാടന പ്രവർത്തനങ്ങൾ ആരംഭിച്ചു.
- കാശി വിദ്യാപീഠം, ഗുജറാത്ത് വിദ്യാപീഠം, ജാമിയ മില്ലിയ

5.
- ഈ നികുതി വലിയ ഭാരമായിരുന്നു.
- ചെറുകിട ഉപ്പുൽപ്പാദകർക്ക് മേൽ ഉപ്പുണ്ടാക്കുന്നതിന് നിരോധനം ഏർപ്പെടുത്തി .
- ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു.
- സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന മുദ്രാവാക്യം ആയിരുന്നു ഉപ്പ് നികുതി എടുത്തുകളയുക എന്നത്.

6. എ) ഇന്ത്യയിൽ ഭരണഘടന പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം.
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി.
- രണ്ടാം ലോക യുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ.

ബി)
- സർക്കാർ ജീവനക്കാർ രാജിവയ്ക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.
- കർഷകർ ഭൂനികുതി കൊടുക്കാൻ കൂട്ടാക്കരുത്.
- പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്ക് നേരെ വെടിവയ്ക്കാൻ വിസമ്മതിക്കണം.
- സ്വാതന്ത്ര്യ പ്രാപ്തി വരെ പിടിച്ചുനിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം

7. a) റൗലറ്റ് നിയമം b) നിസ്സഹരണ സമരം

c) സുഭാഷ് ചന്ദ്രബോസ് d) ചൗരിചൗരാ

8.

| എ | ബി |
|---|---|
| ലാലാ ഹർദയാൽ | ഗദർ പാർട്ടി |
| സി ആർ ദാസ് | സ്വരാജ് പാർട്ടി |
| സുഭാഷ് ചന്ദ്രബോസ് | ഫോർവേഡ് ബ്ലോക്ക് |
| ക്യാപ്റ്റൻ ലക്ഷ്മി | ഝാൻസിറാണി റെജിമെന്റ് |

9.
- മുസ്ലീങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കുക.
- പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ് .
- വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാകിസ്ഥാനിൽ ചേർക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തുന്നതാണ്.
- ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു മുസ്ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തിനിർണയ കമ്മീഷനെ നിയമിക്കുന്നതാണ്.

10.
- കൃഷിക്കാർക്ക് 50 ശതമാനം നികുതി ഇളവ് നൽകുക.
- വിദേശ വസ്ത്രങ്ങളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക.
- രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക.
- സൈനിക ചിലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടി കുറയ്ക്കുക.
- തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക.
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.




# സ്വാതന്ത്ര്യാനന്തര ഇന്ത്യ



## ഒറ്റനോട്ടത്തിൽ

**സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട വെല്ലുവിളികൾ**

- വിഭജനവും തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹവും
- നാട്ടുരാജ്യങ്ങളുടെ സംയോജനം
- ഭരണഘടനാ രൂപീകരണവും പൊതു തിരഞ്ഞെടുപ്പും
- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം

**വിദ്യാഭ്യാസ കമ്മീഷനുകൾ**

- ഡോ.രാധാകൃഷ്ണൻ കമ്മീഷൻ
- ഡോ.ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ
- ഡോ.ഡി.എസ് കോത്താരി കമ്മീഷൻ.

**ഇന്ത്യയുടെ വിദേശ നയം**

- ചേരിചേരാനയം.
- ശില്പി - ജവഹർലാൽ നെഹ്റു.
- പഞ്ചശീലതത്ത്വങ്ങൾ ഇന്ത്യയും ചൈനയും തമ്മിൽ ഒപ്പുവച്ചു - ജവഹർലാൽ നെഹ്റു, ചൗ എൻ ലായ്

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട പ്രധാന വെല്ലുവിളിയായിരുന്നു നാട്ടുരാജ്യങ്ങളുടെ സംയോജനം. ഇതുമായി ബന്ധപ്പെട്ട ലിസ്റ്റ് പൂർത്തിയാക്കുക.

   - ഇന്ത്യയിൽ ബ്രിട്ടീഷുകാർ നേരിട്ട് ഭരണം നടത്തിയിരുന്ന പ്രദേശങ്ങൾക്ക് പുറമെ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള 600 ഓളം നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്നു.
   -
   -
   -
   -
   -

2. പദസൂര്യൻ പൂർത്തിയാക്കുക.

ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം




3. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.

- ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണം
-
-
-
-
-
-
- 1956 ഇന്ത്യൻ സംസ്ഥാന പുനഃസംഘടന നിയമം പാസാക്കി

4. ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങൾ. പട്ടിക പൂർത്തിയാക്കുക.

- വംശീയവാദത്തോടുള്ള വിദ്വേഷം
-
-
-
-
- പഞ്ചശീല തത്ത്വങ്ങൾ
-

5. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ഗവൺമെൻറ് നിരവധി കമ്മീഷനുകളെ നിയമിച്ചു. പട്ടിക പൂർത്തിയാക്കുക.

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| ഡോക്ടർ രാധാകൃഷ്ണൻ കമ്മീഷൻ (1948) | സർവകലാശാല വിദ്യാഭ്യാസം | ● ..........A...........<br>● .........................<br>● ............................ |
| ..........B................. | സെക്കൻഡറി വിദ്യാഭ്യാസ മേഖലയെ കുറിച്ചുള്ള പഠനം | ● ............................<br>● ...........C.................<br>● ............................<br>● അധ്യാപക പരിശീലനസമിതി രൂപീകരിക്കണം |
| ഡോ.ഡി.എസ് കോത്താരി കമ്മീഷൻ -(1964). | ............D........... | ● ...........E...............<br>● ............................<br>● മൂല്യവിദ്യാഭ്യാസം |

6. സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്രസാങ്കേതികരംഗത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. പ്രസ്താവന വിലയിരുത്തുക.

- നിരവധി ഗവേഷണ സ്ഥാപനങ്ങൾ നിലവിൽ വന്നു.
- 
- 
- 
- 

7. പഞ്ചശീലതത്ത്വങ്ങളുമായി ബന്ധപ്പെട്ട പദസൂര്യൻ പൂർത്തിയാക്കുക.



8. ചാർട്ട് പൂർത്തിയാക്കുക.

| |
|---|
| സ്വാതന്ത്ര്യാനന്തരഇന്ത്യ ബഹിരാകാശരംഗത്ത് കൈവരിച്ചനേട്ടങ്ങൾ |
| ● തുമ്പയിൽ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ആരംഭിച്ചു. |
| ● |
| ● |
| ● |
| ● |
| ● |
| ● |
| ● മംഗൾയാൻ ചൊവ്വാദൗത്യം. |

## ഉത്തരസൂചിക

1. ❖ സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടി വന്ന പ്രധാന പ്രശ്നമായിരുന്നു നാട്ടുരാജ്യങ്ങളുടെ സംയോജനം.

❖ സർദാർ വല്ലഭ്ഭായ് പട്ടേലിനായിരുന്നു ഇതിന്റെ ചുമതല. സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിയായി വി പി മേനോനെ നിയമിച്ചു.

❖ ലയനക്കരാർ തയ്യാറാക്കി.

❖ പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.

❖ ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനകരാറിൽ ഒപ്പുവെച്ച് ഇന്ത്യൻ യൂണിയൻ ചേർന്നു.

❖ ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയൻ ചേരാൻ വിസമ്മതിച്ചു. പിന്നീട് അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും ഇവയെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

2. ❖ പ്രാഥമികവിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം.

❖ പ്രൈമറിതലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി നടപ്പിലാക്കുക.

❖ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം.

3. ❖ 1920ലെ നാഗ്പൂർ സമ്മേളനത്തിൽ തന്നെ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു.

❖ തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്ര സംസ്ഥാനം രൂപീകരിക്കുക എന്ന ആവശ്യവുമായി സ്വാതന്ത്ര്യ സമരസേനാനി പോട്ടി ശ്രീരാമലു നിരാഹാരം തുടങ്ങി.

❖ നിരാഹാര സമരത്തെ തുടർന്ന് അദ്ദേഹം മരണമടഞ്ഞു.

❖ തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രപ്രദേശ് സംസ്ഥാനം 1953 ൽ രൂപീകരിച്ചു.

❖ സംസ്ഥാനങ്ങളെ പുനസ്സംഘടിപ്പിക്കുന്നതിനായി സംസ്ഥാന പുനഃസംഘടന കമ്മീഷൻ രൂപീകരിച്ചു.

❖ ഫസൽ അലി കമ്മീഷന്റെ അധ്യക്ഷൻ.എച്ച് എൻ കുൻസ്രു, കെ എം പണിക്കർ എന്നിവർ മറ്റ് അംഗങ്ങൾ.

❖ 1956 സംസ്ഥാന പുനസംഘടന നിയമം പാർലമെൻറ് പാസാക്കി. 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വന്നു.

4. ❖ സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
❖ ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം
❖ സമാധാനപരമായ സഹവർത്തിത്വം
❖ വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ
❖ ചേരിചേരായ്മ

5. A. ❖ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുക.
❖ സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം
❖ യു.ജി.സി രൂപീകരിക്കണം

B. ഡോ. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ (1952)

C.
❖ ത്രിഭാഷാ പദ്ധതി നടപ്പിലാക്കുക.
❖ സെക്കൻഡറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കുക.
❖ വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കുക.

D. വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദ്ദേശം

E. ❖ 10+2+3 മാതൃകയിൽ വിദ്യാഭ്യാസം
❖ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

6. ❖ ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി
❖ ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
❖ ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി
❖ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് ,ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ എന്നിവയ്ക്ക് ഹോമി ജഹാംഗീർ ഭാഭ നേതൃത്വം നൽകി.
❖ അഞ്ച് ഐ ഐ ടികൾ 1954നും 1964 നും ഇടയ്ക്ക് സ്ഥാപിച്ചു.
❖ മെഡിക്കൽ വിദ്യാഭ്യാസം, ബയോമെഡിക്കൽ എൻജിനീയറിങ് ,ജനിതകശാസ്ത്രം, ജൈവസാങ്കേതികവിദ്യ, ആരോഗ്യം, ഗതാഗതം, സമുദ്ര ഗവേഷണം, വിവരസാങ്കേതികവിദ്യ, ആണവോർജ്ജം എന്നീ മേഖലകളിൽ ഇന്ത്യ നേട്ടം കൈവരിച്ചു.

7. ❖ രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
❖ ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
❖ സമത്വവും പരസ്പര സഹായവും പുലർത്തുക.
❖ സമാധാനപരമായ സഹവർത്തിത്വം പാലിക്കുക

8. ❖ ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകരിച്ചു.
❖ 1969 ൽ ഐ എസ് ആർ ഒ നിലവിൽ വന്നു.
❖ 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിക്ഷേപിച്ചു.
❖ നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി, ഫിസിക്കൽ റിസർച്ച് ലാബോറട്ടറി
❖ മിസൈൽ സാങ്കേതികവിദ്യ.
❖ അഗ്നി ,പൃഥ്വി മിസൈലുകൾ ഡോക്ടർ രാജാ രാമണ്ണ ,ഡോക്ടർ എ പി ജെ അബ്ദുൽ കലാം എന്നിവരുടെ നേതൃത്വങ്ങൾ.
❖ ചാന്ദ്രയാൻ ആദ്യത്തെ ചന്ദ്ര പരീക്ഷണ ദൗത്യം.

Chapter
08



# കേരളം ആധുനികതയിലേയ്ക്ക്



## ഒറ്റനോട്ടത്തിൽ

**ആദ്യകാല ചെറുത്തു നിൽപ്പുകൾ**

- ❖ പഴശ്ശിക്കലാപങ്ങൾ
- ❖ വേലുത്തമ്പി ദളവ
- ❖ പാലിയത്തച്ചൻ


**ഐക്യകേരളം**

- ❖ 1921 ലെ ഒറ്റപ്പാലം സമ്മേളനം
- ❖ പയ്യന്നൂർ കോൺഗ്രസ്സ് സമ്മേളനം
- ❖ 1947 ലെ ഐക്യകേരളം കൺവൻഷൻ
- ❖ 1949 ലെ തിരു - കൊച്ചി സംസ്ഥാനരൂപീകരണം
- ❖ ഒന്നേകാൽ കോടി മലയാളികൾ - ഇ എം എസ് നമ്പൂതിരിപ്പാട്
- ❖ 1956 നവംബർ 1 കേരള സംസ്ഥാനരൂപീകരണം

1. പട്ടിക പൂർത്തിയാക്കുക.

| മിഷനറി സംഘം | പ്രവർത്തന മേഖല |
|---|---|
| ലണ്ടൻ മിഷൻ സൊസൈറ്റി | ............എ................ |
| ചർച്ച് മിഷൻ സൊസൈറ്റി | കൊച്ചി, .......ബി........... |
| ................സി............... | മലബാർ |

2. ചാന്നാർ ലഹളയുമായി ബന്ധപ്പെട്ട ഡയഗ്രം പൂർത്തിയാക്കുക.



3. പട്ടിക ക്രമപ്പെടുത്തി എഴുതുക.

| സാമൂഹിക പരിഷ്കർത്താക്കൾ | പ്രസ്ഥാനം |
|---|---|
| കുമാരഗുരുദേവൻ | യോഗക്ഷേമസഭ |
| സഹോദരൻ അയ്യപ്പൻ | ശ്രീനാരായണ ധർമ്മപരിപാലനയോഗം |
| വി.ടി. ഭട്ടതിരിപ്പാട് | സഹോദര പ്രസ്ഥാനം |
| ശ്രീനാരായണഗുരു | പ്രത്യക്ഷരക്ഷാദൈവസഭ |

4. പട്ടിക പൂർത്തീകരിക്കുക.

| | മലയാളി മെമ്മോറിയൽ | ഈഴവ മെമ്മോറിയൽ |
|---|---|---|
| **വർഷം** | 1891 | .........എ........... |
| **നേതൃത്വം** | ...........ബി................ | ഡോക്ടർ പൽപ്പു |
| **ഉദ്ദേശ്യം** | സർക്കാർ ജോലികളിൽ തിരുവിതാംകൂർകാർക്ക് മതിയായ പ്രാതിനിധ്യം വേണം | .................സി........... |

5. 'എ' കോളത്തിന് അനുയോജ്യമായി ;ബി' കോളം ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| വാഗ്ഭടാനന്ദൻ | സമത്വ സമാജം |
| പണ്ഡിറ്റ് കെ പി കറുപ്പൻ | സാധുജനപരിപാലനസംഘം |
| അയ്യങ്കാളി | ആത്മവിദ്യാസംഘം |
| വൈകുണ്ഠസ്വാമികൾ | അരയസമാജം |

6. പഴശ്ശി കലാപം പട്ടിക പൂർത്തിയാക്കുക.

പഴശ്ശി കലാപത്തിന് നേതൃത്വം നൽകിയത് കേരളവർമ്മ പഴശ്ശിരാജയാണ്.

↓

.............................................(a).............................................

↓

യുദ്ധ വിജയത്തിന് ശേഷം വാഗ്ദാനം നിറവേറ്റാൻ ബ്രിട്ടീഷുകാർ തയ്യാറായില്ല.വയനാടിന്മേൽ അവകാശവാദം ഉന്നയിക്കുകയും ചെയ്തു

↓

.............................................(b).............................................

↓

.............................................(c).............................................

↓

പോരാട്ടത്തിനിടയിൽ 1805 നവംബർ 30ന് പഴശ്ശിരാജ വധിക്കപ്പെട്ടു.

7. പട്ടിക പൂർത്തീകരിക്കുക.

| | വൈക്കം സത്യാഗ്രഹം | ഗുരുവായൂർ സത്യാഗ്രഹം |
|---|---|---|
| വർഷം | 1924 | ............എ.............. |
| നേതൃത്വം | ............ബി................. | കെ. കേളപ്പൻ |
| ഉദ്ദേശ്യം/ലക്ഷ്യം | വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള പൊതുനിരത്തിൽ സഞ്ചാര സ്വാതന്ത്ര്യത്തിനായി | ................സി................. |
| ഫലം | ..............ഡി.................. .................................... | എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് ഗുരുവായൂർ ക്ഷേത്രത്തിൽ പ്രവേശനം അനുവദിച്ചു |

8. ഡയഗ്രം പൂർത്തിയാക്കുക.




## ഉത്തരസൂചിക

1. എ) തിരുവിതാംകൂർ

   ബി) തിരുവിതാംകൂർ

   സി) ബാസൽ ഇവാഞ്ചലിക്കൽ മിഷൻ

2. എ) 1859

   ബി) മാറുമറയ്ക്കാനുള്ള അവകാശം

   സി) ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്ക് അനുവദിച്ചു.

3.

| സാമൂഹിക പരിഷ്കർത്താക്കൾ | പ്രസ്ഥാനം |
|---|---|
| കുമാരഗുരുദേവൻ | പ്രത്യക്ഷ രക്ഷാ ദൈവസഭ |
| സഹോദരൻ അയ്യപ്പൻ | സഹോദര പ്രസ്ഥാനം |
| വി.ടി. ഭട്ടതിരിപ്പാട് | യോഗക്ഷേമസഭ |
| ശ്രീനാരായണഗുരു | ശ്രീനാരായണധർമ്മപരിപാലനയോഗം |

4. എ) 1896

   ബി) ബാരിസ്റ്റർ ജി പി പിള്ള

   സി) ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ചു.

5.

| എ | ബി |
| --- | --- |
| വാഗ്ഭടാനന്ദൻ | ആത്മവിദ്യാസംഘം |
| പണ്ഡിറ്റ് കെ പി കറുപ്പൻ | അരയസമാജം |
| അയ്യങ്കാളി | സാധുജന പരിപാലനസംഘം |
| വൈകുണ്ഠസ്വാമികൾ | സമത്വ സമാജം |

6. a) മൈസൂർ യുദ്ധത്തിൽ ബ്രിട്ടീഷുകാരെ സഹായിച്ചതിന് പകരമായി കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അവകാശം പഴശ്ശിരാജയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു.

b) പഴശ്ശിരാജ ജനങ്ങളെ സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ പോരാടി.

c) ചെമ്പൻ പോക്കർ, കൈതേരി അമ്പു നായർ ,എടച്ചേന കുങ്കൻ നായർ,വയനാട്ടിലെ കുറിച്യ നേതാവായ തലയ്ക്കൽ ചന്തു എന്നിവരുടെ സഹായത്താൽ പഴശ്ശിരാജ ശക്തമായ ഒളിപ്പോർ നടത്തി.

7. എ) 1931


ബി) ടി കെ മാധവൻ

സി) ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കണം.

ഡി) വൈക്കം ക്ഷേത്രത്തിന് ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാൻ അവർണജാതിക്കാർക്ക് അനുവാദം ലഭിച്ചു.

8. എ) ഏകീകരിച്ച നാണയവ്യവസ്ഥയും അളവുതൂക്ക സമ്പ്രദായവും നടപ്പിലാക്കി.

ബി) ചരക്ക് ഗതാഗതം സുഗമമാക്കാൻ കൊച്ചി ,കോഴിക്കോട് ,ആലപ്പുഴ തുറമുഖങ്ങൾ വികസിപ്പിച്ചു.




# രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

## ഒറ്റനോട്ടത്തിൽ

**ഒരു രാഷ്ട്രത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ:**

**ജനങ്ങൾ**

- ജനങ്ങളില്ലാതെ രാഷ്ട്രമില്ല
- അമിതമായ ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും രാഷ്ട്രത്തിന് ഗുണകരമല്ല

**ഭൂപ്രദേശം**

- കൃത്യമായ അതിർത്തികളോടുകൂടിയ ഒരു ഭൂപ്രദേശം രാഷ്ട്രത്തിനുണ്ടായിരിക്കണം
- കരയും ജലമേഖലയും വായു മേഖലയും തീരപ്രദേശവും ചേർന്നത്.

**ഗവൺമെന്റ്**

- നിയമങ്ങൾ നിർമ്മിക്കുന്നു, നടപ്പാക്കുന്നു
- നീതി, സുരക്ഷ ഉറപ്പാക്കുന്നു.

**പരമാധികാരം**

- രാഷ്ട്രത്തെ മറ്റു സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത്
- പരമാധികാരം ഉണ്ടെങ്കിൽ മാത്രമേ രാഷ്ട്രം നിലവിൽ വരികയുള്ളൂ.

**രാഷ്ട്രത്തിന്റെ ചുമതലകൾ :**

- നിർബന്ധിതമായ ചുമതലകൾ
- വിവേചനപരമായ ചുമതലകൾ


**പൗരത്വം**

- ഒരു രാജ്യത്തെ പൂർണ്ണവും തുല്ല്യവുമായ അംഗത്വമാണ് പൗരത്വം

**രാഷ്ട്രതന്ത്ര ശാസ്ത്രത്തിലെ പഠന മേഖലകൾ**

- പൊതുഭരണം
- അന്തർദേശീയ രാഷ്ട്രീയം
- രാഷ്ട്രീയ സിദ്ധാന്തങ്ങൾ
- താരതമ്യ രാഷ്ട്രീയം

1. ഒരു രാഷ്ട്രത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങളുമായി ബന്ധപ്പെട്ട പദസൂര്യൻ പൂർത്തിയാക്കുക.





2. രാഷ്ട്രത്തിന്റെ ചുമതലകൾ ശരിയായത് തിരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.


(നീതി നടപ്പാക്കൽ,വിദ്യാഭ്യാസ സൗകര്യം ഒരുക്കുക,ആഭ്യന്തരസമാധാനം ഗതാഗതസൗകര്യം ഒരുക്കുക അവകാശസംരക്ഷണം ക്ഷേമപദ്ധതികൾ നടപ്പാക്കുക)

| നിർബന്ധിതമായ ചുമതലകൾ | വിവേചനപരമായ ചുമതലകൾ |
|---|---|
| അതിർത്തി സംരക്ഷണം | ആരോഗ്യ സംരക്ഷണം നൽകുക |
| A | D |
| B | E |
| C | F |


3. ചാർട്ട് പൂർത്തിയാക്കുക രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ.



4. സൂചനകളിൽ നിന്നും ഏത് തരം പൗരത്വമാണെന്ന് കണ്ടെത്തുക.




5. പരമാധികാരത്തിന്റെ തലങ്ങൾ തിരിച്ചറിയുക.




## ഉത്തരസൂചിക

1. ❖ ഭൂപ്രദേശം
   ❖ പരമാധികാരം
   ❖ ഗവൺമെന്റ്
2. ❖ നീതി നടപ്പാക്കൽ
   ❖ ആഭ്യന്തരസമാധാനം
   ❖ അവകാശസംരക്ഷണം
   ❖ ക്ഷേമപദ്ധതികൾ നടപ്പാക്കുക
   ❖ വിദ്യാഭ്യാസ സൗകര്യം ഒരുക്കുക
   ❖ ഗതാഗതസൗകര്യം ഒരുക്കുക
3. ❖ ദൈവദത്ത സിദ്ധാന്തം.
   ❖ രാഷ്ട്രം ചരിത്ര സൃഷ്ടിയാണ് .സാമൂഹിക പരിണാമ പ്രക്രിയയുടെ ഫലമായി രൂപംകൊണ്ടു.
   ❖ സാമൂഹിക ഉടമ്പടി സിദ്ധാന്തം.
   ❖ ശക്തരായവർ ദുർബലരുടെമേൽ അധികാരം സ്ഥാപിച്ചതിലൂടെ നിലവിൽ വന്നു.
4. ❖ സ്വാഭാവിക പൗരത്വം
   ❖ ആർജിത പൗരത്വം
5. ❖ ആഭ്യന്തരതലം
   ❖ ബാഹ്യതലം

Chapter
10



# പൗരബോധം

## ഒറ്റനോട്ടത്തിൽ

**പൗരബോധത്തിന്റെ പ്രാധാന്യം**

- പൗരബോധം ഇല്ലെങ്കിൽ മനുഷ്യൻ സ്വാർത്ഥനാകും.
- സമൂഹത്തിൽ സമാധാനവും സുരക്ഷിതത്വവും ഉണ്ടാവുകയില്ല.


**പൗരബോധവും ധാർമികതയും**

- നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ നിർവഹിക്കുകയും ചെയ്യുക.
- ധാർമികത പൗരബോധത്തെ സഹായിക്കുന്നു.
- അധാർമികത പൗരബോധം ഇല്ലാതാക്കുന്നു.

**പൗരബോധം നേരിടുന്ന വെല്ലുവിളി**

- പൊതുതാൽപര്യങ്ങളെ അവഗണിച്ച് സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്നത്

1. പൗരബോധം വളർത്തിയെടുക്കാനുള്ള പ്രധാന മാർഗങ്ങൾ - ചാർട്ട് പൂർത്തിയാക്കുക.




2. പൗരബോധം നേരിടുന്ന വെല്ലുവിളികളെ മറികടക്കാനുള്ള മാർഗങ്ങൾകളങ്ങൾ നിറയ്ക്കുക.


ഓരോരുത്തരും അവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക

3. പൗരബോധ രൂപീകരണത്തിൽ സാമൂഹ്യ ശാസ്ത്രത്തിന്റെ പങ്ക് വ്യക്തമാക്കുന്ന വിവരങ്ങൾ കൂട്ടിച്ചേർക്കുക.




4. ഉദാഹരണങ്ങൾ കണ്ടെത്തി ഡയഗ്രം പൂർത്തിയാക്കുക.



## ഉത്തരസൂചിക

1. 
   - വിദ്യാഭ്യാസം
   - സംഘടനകൾ
   - മാധ്യമങ്ങൾ
2. 
   - പൊതുതാൽപര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപര്യങ്ങൾക്കായി പരിശ്രമിക്കുക.
   - മറ്റുള്ളവരിൽനിന്നു പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽ നിന്ന് തുടങ്ങുക.
   - ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക.
3. 
   - രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക പ്രശ്നങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു.
   - സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.
   - പൗരബോധത്തിന്റെ ഉത്തമമാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുകയും കർമനിരതരാക്കുകയും ചെയ്യുന്നു.
4. 
   - മാലിന്യം
   - പ്രളയം
   - അഴിമതി



Chapter 11

# സമൂഹശാസ്ത്രം : എന്ത്? എന്തിന്?

## ഒറ്റനോട്ടത്തിൽ

അഗസ്ത് കോംതെ സമൂഹശാസ്ത്രത്തിന്റെ പിതാവ്

ഹെർബർട്ട് സ്പെൻസർ ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്ത തത്ത്വങ്ങൾ സമൂഹശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകൻ

**സോഷ്യൽ സർവേ**

- ❖ വലിയ ഒരു വിഭാഗം ജനങ്ങളിൽ നിന്ന് വിവരം ശേഖരിക്കാൻ ഉപയോഗിക്കുന്നു
- ❖ വിവരം ശേഖരിക്കാൻ ചോദ്യാവലികൾ ഉപയോഗിക്കുന്നു

**അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**


- ❖ ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ
- ❖ ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കൽ
- ❖ ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ
- ❖ സമയക്രമീകരണം

1. ഉചിതമായത് തിരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക.

(സാമ്പത്തികശാസ്ത്രം, ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, നരവംശശാസ്ത്രം)

| | |
|---|---|
| മനുഷ്യമനസ്സിനെക്കുറിച്ചും മാനസികാവസ്ഥകളെക്കുറിച്ചുമുള്ള പഠനം | മനശാസ്ത്രം |
| കഴിഞ്ഞ കാലത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അന്വേഷണം | A |
| സാമ്പത്തിക വ്യവഹാരത്തെക്കുറിച്ചുള്ള പഠനം | B |
| രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെ കുറിച്ചുമുള്ള പഠനം | C |
| മനുഷ്യ ഉൽഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെക്കുറിച്ചുമുള്ള പഠനം | D |

2. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ വിപ്ലവങ്ങൾ ഡയഗ്രം പൂർത്തിയാക്കുക.




3. സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യവുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

**സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാൻ സഹായിക്കുന്നു.**


.....................

**സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.**


.....................

**സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുന്നു**

4. കളങ്ങൾ നിറയ്ക്കുക സമൂഹശാസ്ത്രത്തിലെ പഠനരീതികൾ.



5. നിരീക്ഷണ രീതി ഏതെന്ന് കണ്ടെത്തുക.




## ഉത്തരസൂചിക

1.
- ചരിത്രം
- സാമ്പത്തികശാസ്ത്രം
- രാഷ്ട്രതന്ത്രശാസ്ത്രം
- നരവംശശാസ്ത്രം

2.
- ജ്ഞാനോദയം (ശാസ്ത്രവിപ്ലവം)
- വ്യാവസായിക വിപ്ലവം

3.
- സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായി അറിയാൻ സഹായിക്കുന്നു.
- വ്യക്തിയും സാമൂഹികസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു.
- സാമൂഹികാസൂത്രണത്തിനും വികസനത്തിനും പ്രയോജനപ്പെടുന്നു.

4.
- സോഷ്യൽ സർവ്വേ
- അഭിമുഖം
- കേസ് സ്റ്റഡി

5.
- പങ്കാളിത്തനിരീക്ഷണം
- പങ്കാളിത്തരഹിതനിരീക്ഷണം



# സാമൂഹ്യശാസ്ത്രം
# II



# ഋതുഭേദങ്ങളും സമയവും

## ഒറ്റനോട്ടത്തിൽ

- അച്ചുതണ്ടിന്റെ സമാന്തരത:പരിക്രമണ വേളയിലുടനീളം ഭൂമി അച്ചുതണ്ടിൻെറ ചരിവ് നിലനിർത്തുന്നു.
- സൂര്യൻെറ അയനം:സൂര്യൻെറ ആപേക്ഷിക സ്ഥാനം ഉത്തരായനരേഖയ്ക്കും($23\frac{1}{2}^0$വടക്ക്) ദക്ഷിണായനരേഖയ്ക്കും ($23\frac{1}{2}^0$ തെക്ക്) ഇടയിൽ മാറിക്കൊണ്ടിരിക്കുന്നു.
- സമരാത്രദിനങ്ങൾ - മാർച്ച് 21, സെപ്തംബർ 23 (വിഷുവങ്ങൾ)
- ഗ്രീഷ്മ അയനാന്തദിനം - ജൂൺ 21
- ശൈത്യ അയനാന്തദിനം - ഡിസംബർ 22
- ഉത്തരായനം:ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായനരേഖയിലേയ്ക്കുള്ള സൂര്യന്റെ അയനം
- ദക്ഷിണായനം: ഉത്തരായനരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേയ്ക്കുള്ള സൂര്യന്റെ അയനം
- ഗ്രീനിച്ച് രേഖ: $0^0$രേഖാംശരേഖ.
- ഇന്ത്യയുടെ മാനകരേഖാംശ: $82\frac{1}{2}^0$ പൂർവരേഖാംശം
- അന്താരാഷ്ട്രദിനാങ്കരേഖ: $180^0$ രേഖാംശരേഖ

1. എ കോളത്തിന് അനുയോജ്യമായവ ബി കോളത്തിൽ നിന്നും കണ്ടെത്തി ക്രമപ്പെടുത്തി എഴുതുക.

| A | B |
|---|---|
| ഭൂമിയുടെ പരിക്രമണം | സൂര്യൻെറ ആപേക്ഷിക സ്ഥാനം ഉത്തരായനരേഖയ്ക്കും ദക്ഷിണായനരേഖയ്ക്കും ഇടയിൽ മാറിക്കൊണ്ടിരിക്കുന്നു. |
| സൂര്യൻെറ അയനം | പരിക്രമണവേളയിലുടനീളം ഭൂമി അച്ചുതണ്ടിൻെറ ചരിവ് നിലനിർത്തുന്നു. |
| അച്ചുതണ്ടിന്റെ സമാന്തരത | ദീർഘവൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലൂടെ ഭൂമി സൂര്യനെ വലംവയ്ക്കുന്നു. |

2. ഋതുഭേദങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങൾ ചാർട്ട് പൂർത്തിയാക്കുക.





3. സൂചനകൾക്കനുസരിച്ച് പട്ടിക പൂർത്തിയാക്കുക.

| ദിവസം | സൂര്യന്റെ ആപേക്ഷിക സ്ഥാനം | പ്രത്യേകതകൾ | |
|---|---|---|---|
| മാർച്ച് 21<br>സെപ്തംബർ 23 | ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ | സമരാത്രദിനങ്ങൾ (വിഷുവങ്ങൾ) | A...... ?  |
| B........ ?  | ഉത്തരായനരേഖയ്ക്ക് നേർമുകളിൽ | C.......... ?  | • ഉത്തരാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകൽ.<br>• ഏറ്റവും ഹ്രസ്വമായ രാത്രി. |
| ഡിസംബർ 22 | D........ ?  | ശൈത്യ അയനാന്തദിനം | • ഉത്തരാർധഗോളത്തിൽ ഹ്രസ്വമായ പകൽ.<br>• ഏറ്റവും ദൈർഘ്യമുള്ള രാത്രി. |


4. സൂര്യന്റെ ആപേക്ഷിക ചലനവും ഋതുക്കളും. പട്ടിക പൂർത്തിയാക്കുക.

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധഗോളം |
| (i) | ഭൂമധ്യരേഖയിൽ നിന്ന് ഉത്തരായനരേഖയിലേയ്ക്ക് | (ii) | ഹേമന്തം |
| ജൂൺ 21 - സെപ്റ്റംബർ 23 | (iii) | ഗ്രീഷ്മം | (iv) |
| (v) | ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായനരേഖയിലേയ്ക്ക് | (vi) | വസന്തം |
| ഡിസംബർ 22 - മാർച്ച് 21 | (vii) | ശൈത്യം | (viii) |

5. ഉത്തരായനം, ദക്ഷിണായനം എന്നിവയുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.





6. ഗ്രീനിച്ച് രേഖയുമായി ബന്ധപ്പെട്ട ഡയഗ്രം പൂർത്തിയാക്കുക.



7. ഹേമന്തകാലത്തിൻെറ സവിശേഷതകൾ എഴുതി കളങ്ങൾ പൂർത്തിയാക്കുക.

| |
|---|
| വേനൽക്കാലത്ത് നിന്നും ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിൻെറ കാലമാണ്. |
| a. ………………………………………………………………………… |
| b. ………………………………………………………………………… |

8. അന്താരാഷ്ട്ര ദിനാങ്കരേഖയുടെ പ്രാധാന്യം കണ്ടെത്തി ഡയഗ്രം പൂർത്തിയാക്കുക.




**ഉത്തരസൂചിക**

1.

| A | B |
|---|---|
| ഭൂമിയുടെ പരിക്രമണം | ദീർഘവൃത്താകൃതിയിലുള്ള സഞ്ചാരപഥത്തിലൂടെ സൂര്യനെ വലംവയ്ക്കുന്നു. |
| സൂര്യൻെറ അയനം | സൂര്യൻെറ ആപേക്ഷിക സ്ഥാനം ഉത്തരായനരേഖയ്ക്കും ദക്ഷിണായനരേഖയ്ക്കും ഇടയിൽ മാറിക്കൊണ്ടിരിക്കുന്നു. |
| അച്ചുതണ്ടിന്റെ സമാന്തരത | പരിക്രമണവേളയിലുടനീളം അച്ചുതണ്ടിൻെറ ചരിവ് നിലനിർത്തുന്നു. |

2. a. ഭൂമിയുടെ അച്ചുതണ്ടിൻെറ ചരിവ്

   b. ഭൂമിയുടെ അച്ചുതണ്ടിൻെറ സമാന്തരത.

3. (a) രാത്രിയുടെയും പകലിന്റെയും ദൈർഘ്യം രണ്ട് അർദ്ധഗോളങ്ങളിലും തുല്യം.

   (b) മാർച്ച് 21, ജൂൺ 21.

   (c) ഗ്രീഷ്മ അയനാന്ത ദിനം.

   (d) ദക്ഷിണായനരേഖയ്ക്ക് നേർമുകളിൽ.

4.

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധഗോളം |
| മാർച്ച് 21 – ജൂൺ 21 | ഭൂമധ്യരേഖയിൽ നിന്ന് ഉത്തരായനരേഖയിലേയ്ക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 - സെപ്റ്റംബർ 23 | ഉത്തരായനരേഖയിൽ നിന്ന് ഭൂമധ്യരേഖയിലേയ്ക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്റ്റംബർ 23 – ഡിസംബർ 22 | ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായനരേഖയിലേയ്ക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 - മാർച്ച് 21 | ദക്ഷിണായനരേഖയിൽ നിന്ന് ഭൂമധ്യരേഖയിലേയ്ക്ക് | ശൈത്യം | ഗ്രീഷ്മം |

5. (a) ദക്ഷിണായനം

   (b) ഉത്തരായനരേഖയിൽ നിന്നും ദക്ഷിണായനരേഖയിലേയ്ക്കുള്ള സൂര്യന്റെ അയനം.

6. (a) ലോകത്ത് എവിടെയും ഉള്ള സമയം നിർണ്ണയിക്കപ്പെടുന്നു.

   (b) പ്രൈം മെറീഡിയൻ


   (c) 24 സമയ മേഖലകൾ

7. (a) അന്തരീക്ഷതാപനില കുറയുന്നു

   (b) മരങ്ങൾ ഇല പൊഴിക്കുന്നു

8. (a) $180^{\circ}$ രേഖാംശരേഖ

   (b) പടിഞ്ഞാറ് ഒരു ദിവസത്തിന്റെ നഷ്ടം.




# കാറ്റിന്റെ ഉറവിടം തേടി

## ഒറ്റനോട്ടത്തിൽ

- ❖ സമമർദരേഖകൾ - ഒരേ അന്തരീക്ഷമർദമുള്ള പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് വരയ്ക്കുന്ന സാങ്കല്പിക രേഖകളാണ്.
- ❖ അന്തരീക്ഷ മർദം അളക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണമാണ് ബാരോമീറ്റർ.
- ❖ ആർദ്രത - അന്തരീക്ഷവായുവിലെ ജലാംശത്തിന്റെ അളവാണ് ആർദ്രത.
- ❖ ആഗോളവാതങ്ങൾ - ആഗോളമർദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകൾ.
- ❖ കാറ്റിന്റെ വേഗതയെയും ദിശയെയും സ്വാധീനിക്കുന്ന ഘടകങ്ങൾ - മർദചരിവ്,കോറിയോലിസ് പ്രഭാവം, ഘർഷണം.
- ❖ ആഗോളവാതങ്ങൾ - വാണിജ്യവാതങ്ങൾ, പശ്ചിമവാതങ്ങൾ, ധ്രുവീയപൂർവവാതങ്ങൾ.

**പ്രാദേശികവാതങ്ങൾ**

| | |
|---|---|
| ● ചിനൂക്ക് | റോക്കി പർവതനിര |
| ● ഹർമാറ്റൻ | പടിഞ്ഞാറൻ ആഫ്രിക്ക |
| ● ഫൊൻ | ആൽപ്സ് പർവതനിര |
| ● ലൂ | ഉത്തരേന്ത്യൻ സമതലം |

1. ചുവടെ നൽകിയിരിക്കുന്ന ബോക്സിൽ നിന്നും ശരിയായ ഉത്തരങ്ങൾ തിരഞ്ഞെടുത്ത് കളങ്ങൾ നിറയ്ക്കുക.

ആർദ്രത, സമമർദരേഖകൾ,ബാരോമീറ്റർ,
മൺസൂൺ കാറ്റുകൾ, ആഗോളവാതങ്ങൾ

a. അന്തരീക്ഷ മർദം അളക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണമാണ്.

..........................................

b. അന്തരീക്ഷവായുവിലെ ജലാംശത്തിന്റെ അളവാണ്.

..........................................

c. ഒരേ അന്തരീക്ഷമർദമുള്ള പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് വരയ്ക്കുന്ന സാങ്കല്പിക രേഖകൾ.

..........................................


d. ആഗോളമർദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകൾ.

..........................................

e. കാലികവാതങ്ങൾക്ക് ഉദാഹരണം.

..........................................

2. ആഗോളവാതങ്ങളുമായി ബന്ധപെട്ട ചാർട്ട് പൂർത്തിയാക്കുക.





3. കാറ്റിൻെറ വേഗതയെയും ദിശയെയും സ്വാധീനിക്കുന്ന ഘടകങ്ങൾ – ഡയഗ്രം പൂർത്തിയാക്കുക.




4. നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കുക. കാറ്റുകൾ തിരിച്ചറിഞ്ഞ് അവയുടെ പ്രത്യേകതകൾ എഴുതി പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
|  A.................................. |  B......................................... |
| • പകൽ സമയങ്ങളിൽ വീശുന്നു. | C. .................................................. |
| D. ............................................... | കരയിൽ നിന്നും കടലിലേക്ക് |

5. പ്രാദേശിക വാതങ്ങളുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.




6. മൺസൂണിൻെറ രൂപം കൊള്ളലിന് കാരണമാകുന്ന ഘടകങ്ങൾ – ഡയഗ്രം പൂർത്തിയാക്കുക.



7. നൽകിയിരിക്കുന്ന സൂചനകൾക്കനുസരിച്ച് ആഗോളമർദമേഖലകൾ വിശദമാക്കുന്ന ലിസ്റ്റ് പൂർത്തിയാക്കുക.

| | |
|---|---|
| 90°വടക്ക് | → ധ്രുവീയ ഉച്ചമർദമേഖല |
| .......a......... | → ഉപധ്രുവീയ ന്യൂനമർദമേഖല |
| $30^0$ വടക്ക് | → ..............b............. |
| .........c.......... | → മധ്യരേഖാ ന്യൂനമർദമേഖല |
| $30^0$ തെക്ക് | → ഉപോഷ്ണ ഉച്ചമർദമേഖല |
| $60^0$ തെക്ക് | → ...............d.............. |
| ........e........ | → ധ്രുവീയ ഉച്ചമർദമേഖല |

**ഉത്തരസൂചിക**

1. a. ബാരോമീറ്റർ
   b. ആർദ്രത
   c. സമമർദരേഖകൾ.
   d. ആഗോളവാതങ്ങൾ
   e. മൺസൂൺ കാറ്റുകൾ
2. a. വാണിജ്യവാതങ്ങൾ
   b. ധ്രുവീയവാതങ്ങൾ
3. a. മർദ്ദചരിവ്
   b. ഘർഷണം
4. a. കടൽക്കാറ്റ്.
   b. കരക്കാറ്റ്.
   c. രാത്രി സമയങ്ങളിൽ വീശുന്നു
   d. കടലിൽ നിന്നും കരയിലേക്ക്
5. a. മാംഗോഷവർ
   b. ഫൊൻ

c. കാൽബൈശാഖി

6. a. സൂര്യന്റെ അയനം

b. താപനിലയിലെ വ്യത്യാസം

7. a. $60^\circ$ വടക്ക്

b. ഉപോഷ്ണ ഉച്ചമർദമേഖല

c. $0^\circ$

d. ഉപധ്രുവീയ ന്യൂനമർദമേഖല

e. $90^\circ$ തെക്ക്

